*Malappuram District Police*

# 12.08.2017 മലപ്പുറം

പ്രവാസിയായ യുവാവിനെ തട്ടിക്കൊണ്ടുപോയി മര്‍ദ്ദിച്ച് കാറും മൊബൈല്‍ഫോണും കവര്‍ന്നതിനുശേഷം മോചനദ്രവ്യം ആവശ്യപ്പെട്ട ക്വട്ടേഷന്‍ സംഘം പിടിയില്‍.

വേങ്ങര സ്വദേശിയെ തട്ടിക്കൊണ്ടുപോയ അഞ്ചംഗസംഘത്തെയാണ് മലപ്പുറം പോലീസ് പിടികൂടിയത്. ചക്കിങ്ങത്തൊടി അബ്ദുള്‍റഷീദ് (39), പണ്ടാരത്തൊടി സജാദ് (27), പറമ്പന്‍ അബ്ദുള്‍സമദ് (30), ഓലപുലാന്‍ സക്കീര്‍ (28), കോപിലാക്കല്‍ സൈതലവി (43) എന്നിവരാണ് പിടിയിലായത്. ബുധനാഴ്ചയായിരുന്നു കേസിനാസ്പദമായ സംഭവം. ഗള്‍ഫില്‍ വെച്ചുണ്ടായ ചില സാമ്പത്തിക ഇടപാടിനെത്തുടര്‍ന്നാണ് ചിലര് പരാതിക്കാരനെ തട്ടിക്കൊണ്ടുപോകാന്‍ സംഘത്തിന് ക്വട്ടേഷന്‍ നല്‍കിയത്. കാറില്‍ യാത്രചെയ്യുകയായിരുന്ന പരാതിക്കാരനെ തടഞ്ഞു നിര്‍ത്തി തട്ടിക്കൊണ്ടുപോവുകയായിരുന്നു.

മലപ്പുറം സിഐ പ്രേംജിത്ത്, മലപ്പുറം ജൂനിയര്‍ എസ്.ഐ. ബിജു, എസ്.ഐ. അബ്ദുല്‍ ലത്തീഫ്, എ.എസ്.ഐ. സാബുലാല്‍, എസ്.സി.പി.ഒ. രജീന്ദ്രന്‍, സിപിഒ അനീഷ് എന്നിവരാണ് പോലീസ് സംഘത്തിലുണ്ടായിരുന്നത്.